
# ഇസ്‌ലാമിനെതിരെ ഗറില്ലാ ആക്രമണം

*ബർസ* എന്ന നോവലിനെക്കുറിച്ച് കുറെ ചർച്ചകൾ നടന്നല്ലോ? ഒരു സാഹിത്യ കൃതി എന്ന നിലക്ക് അത്ര മെച്ചപ്പെട്ടതൊന്നുമല്ല ആ രചന. കഥാപാത്രങ്ങളുടെ അധികപ്രസംഗം അരോചകമായി അനുഭവപ്പെടും.

സത്യത്തിൽ നോവലിസ്റ്റിന്റെ വെജിറ്റേറിയൻ മനസ്സും (*മാധ്യമം* ദിനപത്രത്തിലെ ഈദ് സപ്ലിമെന്റിലെ അഭിമുഖം കാണുക) സുഊദി അറേബ്യയിലെ സലഫി ബ്രാൻഡ് ഇസ്‌ലാമും തമ്മിൽ നടന്ന പ്രതിപ്രവർത്തനങ്ങളിൽനിന്ന് വാർന്നുവീണതാണ് പ്രസ്തുത സൃഷ്ടി. സുഊദിയിൽ കാണുന്നതെല്ലാം ഇസ്‌ലാമിന്റെ കണക്കിലെഴുതി അതിനോട് പ്രതിഷേധിക്കാൻ എന്ന വ്യാജേന ഇസ്‌ലാമിന്റെ സകല അടിസ്ഥാനങ്ങളുടെയും നേരെ കുതിരകയറുകയാണ് നോവലിസ്റ്റ്. ഇസ്‌ലാമിന്റെ ഉള്ളിൽനിന്നുകൊണ്ട് അതിന്റെ ചില നന്മകളെ അംഗീകരിച്ചുകൊണ്ട് വിമർശിക്കലായിരിക്കും ഇസ്‌ലാമിനെ തുരങ്കംവെക്കാൻ എളുപ്പവഴി എന്ന വിദഗ്ധോപദേശം നോവലിസ്റ്റിന് ഏതോ കേന്ദ്രത്തിൽനിന്ന് കിട്ടിയതുപോലുണ്ട്. സർഗാത്മക സൃഷ്ടിയാകുമ്പോൾ സ്വാതന്ത്ര്യം കിട്ടും. വസ്തുനിഷ്ഠതയോ സുബദ്ധതയോ പരിഗണിക്കാതെ പലതും പറയാം. നോവൽ, കഥ തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇസ്‌ലാമിനെതിരെ ഗറില്ലാ ആക്രമണം നടത്താൻ വളരെ എളുപ്പമാണ്.

സാഹിത്യസൃഷ്ടി എന്ന നിലക്ക് ഘടനാ ഭദ്രതയോ ശിൽപ ഭംഗിയോ ആസ്വാദ്യതയോ ഇല്ലാത്ത ഈ സൃഷ്ടിക്കും അതിന്റെ കർത്താവിനും *മാതൃഭൂമി* ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങൾ നൽകിയ അനർഹ പരിഗണനയും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഭർത്സിക്കുന്നതിൽ വളരെയേറെ ഹരംകൊള്ളാറുള്ള മതേതര ബുദ്ധിജീവികൾ ഇത് നന്നായി കൊണ്ടാടിയതുമൊക്കെ ചേർത്തുവായിക്കുമ്പോൾ *ബർസ*യുടെ 'പ്രസക്തി' എളുപ്പം തിരിച്ചറിയാം.

**എ. റാബിയ ബിൻത് സാജിദ**
**പെരിങ്ങാടി-മാഹി**




# അമുസ്‌ലിം വായനക്കാരന്റെ അങ്കലാപ്പുകൾ

**തഫ്ഹീമുൽ** ഖുർആന്റെ കമ്പ്യൂട്ടർ പതിപ്പിന്റെ പുറംചട്ടയിലെ സവിശേഷതകൾ വായിക്കുന്ന ഒരു അമുസ്‌ലിം സുഹൃത്തിന് ഉണ്ടാവുന്ന അങ്കലാപ്പുകൾ 1. തഫ്ഹീം എന്നാൽ എന്താണ്? 2. എന്താണ് ഉസ്മാനീ ലിപി? 3. എന്താണ് ആയത്തുകൾ? 4. എന്താണ് മുസ്ഹഫ്? 5. ആരാണ് ഖാരിഅ്? 6. ഹദീസുകൾ സനദ് സഹിതം എന്നാൽ എന്താണ്? 7. തജ്‌വീദ് എന്താണ്?

പൊതു സമൂഹത്തിന് മനസ്സിലാവുന്ന ഭാഷയിൽ വേണ്ടേ വിവരണം?

**ഇമ്പിച്ചിക്കോയ വെള്ളിപ്പറമ്പ**

## ചുരുക്കെഴുത്ത്

**ഗൾഫ്** മലയാളികളിൽനിന്ന് സഹായം അഭ്യർഥിച്ചുകൊണ്ട് പലരും പത്രങ്ങളിൽ പരസ്യം കൊടുക്കാറുണ്ട്. ഇത്തരം പരസ്യം കൊടുക്കുന്നവർ, ഓൺലൈൻ സൗകര്യമുള്ള ഏതെങ്കിലും ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങി, അക്കൗണ്ട് നമ്പർ പരസ്യങ്ങളിൽ കൊടുക്കുന്നതായിരിക്കും സഹായം അയക്കുന്നവർക്ക് ഏറെ സൗകര്യം. പത്രങ്ങളിൽ സഹായാഭ്യർഥന നടത്തുന്നവർ ഇക്കാര്യം ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

**റഹ്മാൻ മധുരക്കുഴി**

# യാത്രാ വിവരണത്തിലെ പിശകുകൾ

**'യുഗപരിവർത്തനങ്ങളുടെ** ചരിത്രഭൂമിയിലൂടെ' എന്ന ശീർഷകത്തിൽ ടി. കെ.എം ഇഖ്ബാൽ രണ്ട് ലക്കങ്ങളിലായി (19,20) എഴുതിയ യാത്രാ വിവരണത്തിൽ കർമശാസ്ത്രപരവും വസ്തുതാപരവുമായ പിശകുകൾ ഉണ്ട്. ഖത്തറിൽനിന്ന് വരുന്ന ഒരാൾ ജിദ്ദയിൽ വന്ന ശേഷമല്ല ഉംറക്ക് ഇഹ്റാമിൽ പ്രവേശിക്കാൻ പ്ലാൻ ചെയ്യേണ്ടത്. വഴിയിലുള്ള 'മീഖാത്തി'ൽ വെച്ചാണ് ഇഹ്റാം കെട്ടേണ്ടത്. ഒരാൾ മദീനയിൽനിന്ന് മക്കയിലേക്ക് ജിദ്ദ വഴിയാണ് പോകുന്നതെങ്കിൽ ജിദ്ദ 'മീഖാത്ത്' അല്ല. മദീനയിലെ മീഖാത്ത് ദുൽഹുലൈഫ (അബ്‌യാർ അലി എന്നും ഇതിനു പേരുണ്ട്)യിൽനിന്ന് ഇഹ്റാമിൽ പ്രവേശിച്ച് അതേ വസ്ത്രത്തിൽ ജിദ്ദ വഴി പോകുകയാണ് വേണ്ടത്.

മദീനയിലെ പ്രസിദ്ധ ഖബ്റിസ്ഥാന്റെ പേര് 'ജന്നത്തുൽ ബഖീഅ്' എന്നല്ല. 'ബഖീഉൽ ഗർഖദ്' എന്നാണ് ഹദീസിലെ പ്രയോഗം (തഫ്ഹീം സി.ഡിയിലും ഈ പിശകുണ്ട്). പച്ച നിറത്തിൽ കാണുന്ന വലിയ ഖുബ്ബയുടെ താഴെ റൗദാ ശരീഫ് എന്നെഴുതിക്കാണുന്നു. പച്ച ഖുബ്ബക്ക് താഴെ നബിയുടെ ഖബ്ർ ആണുള്ളത്. നബിയുടെ വീടിന്റെയും മിമ്പറിന്റെയും ഇടയിലുള്ള പ്രത്യേകം കാർപ്പറ്റിട്ട സ്ഥലത്തെയാണ് റൗദ എന്ന് വിളിക്കുന്നത്. ഖബ്റിന് റൗദാ ശരീഫ് എന്ന് പേരില്ലല്ലോ. പ്രവാചകനെ ഹിജ്റ വേളയിൽ 'യാ നബീ സലാം അലൈകും' എന്ന് ചൊല്ലിയല്ല 'ത്വലഅൽ ബദ്റു അലൈനാ' എന്ന കാവ്യം ചൊല്ലിയാണ് മദീനക്കാർ വരവേറ്റത്. മസ്ജിദുൽ ഖിബ്‌ലത്തയ്നിയിൽ നബി നമസ്കരിച്ചുകൊണ്ടിരിക്കെയാണ് ഖിബ്‌ലമാറ്റം സംഭവിച്ചത് എന്നതിനേക്കാൾ, നബിയോടൊപ്പം നമസ്കരിച്ച ഒരു സ്വഹാബി നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആയത്ത് അവതരിച്ച ശേഷം അവിടെ നമസ്കരിച്ചുകൊണ്ടിരുന്നവർ നമസ്കാരത്തിനിടെ ഖിബ്‌ല മാറ്റി അവരുടെ നമസ്കാരം പൂർത്തീകരിച്ചു എന്നതാണ് കൂടുതൽ പ്രബലമായ അഭിപ്രായം. ഓർമകളും ധാരണകളും പകർത്തും മുമ്പ് ചരിത്ര വസ്തുതകൾ പരിശോധിക്കണമായിരുന്നു.

**ജാഫർ പുലാപ്പറ്റ,**
**സ്റ്റാഫ്, മസ്ജിദുന്നബവി മദീന**

# പ്രണാമം ആദമിനല്ല, അല്ലാഹുവിന്റെ ഖലീഫക്ക്

**തുറന്ന** മനസ്സോടെ ഖുർആനെ സമീപിക്കുമ്പോൾ മലക്കുകളുടെയും ജിന്നുകളുടെയും പ്രണാമം ആണിനെന്നതുപോയിട്ട് മനുഷ്യനുപോലുമല്ല എന്ന് തിരിച്ചറിയാനാകും. അത് അല്ലാഹുവിന്റെ ഖലീഫക്കായിരുന്നു. ഖലീഫ മനുഷ്യനായിരുന്നു എന്നത് സാന്ദർഭികമായിരുന്നു എന്നു മാത്രം. മനുഷ്യസൃഷ്ടിപ്പിനെക്കുറിച്ച് പല സന്ദർഭങ്ങളിലായി അല്ലാഹു നമുക്ക് നൽകുന്ന വിവരണത്തിൽനിന്നും ആ പ്രണാമം 'അറിവ്' എന്ന സത്തക്കായിരുന്നു എന്നും കാണാം. മലക്കുകളോടും ജിന്നുകളോടും അല്ലാഹു താൻ ഭൂമിയിലേക്ക് ഖലീഫയെ നിയോഗിക്കുന്നു എന്ന് അരുളിയ ആദ്യ 'കൂടിക്കാഴ്ച'ക്ക് ശേഷം, ഖലീഫയെ സൃഷ്ടിക്കുകയും പിന്നീട് വിജ്ഞാനം ലഭ്യമാക്കുകയും ചെയ്തു (ഖുർആൻ 2:30,31). അറിവ് സമ്പാദിക്കാനും അത് തരംതിരിച്ച് രേഖപ്പെടുത്താനും പിന്നീട് ഉപയോഗിക്കാനുമുള്ള സമഗ്രമായ കഴിവ്, മറ്റു സൃഷ്ടികളിൽ നിന്നും വ്യത്യസ്തമായി, ജനിതകമായി മനുഷ്യന് നൽകിയിട്ടുണ്ട് (ഖുർആൻ 11:78, 67:23, 90:8-9, 96:4,5). പ്രണാമം ആദം എന്ന പുരുഷനോ മനുഷ്യനോ ആയിരുന്നെങ്കിൽ അവന്റെ അറിവ് മറ്റുള്ളവരെ ബോധ്യപ്പെടുത്തേണ്ട ആവശ്യം നിറവേറ്റാതെതന്നെ, അല്ലാഹുവിന് മലക്കുകളോടും ജിന്നുകളോടും ആദമിനെ പ്രണമിക്കാൻ ആ 'കൂടിക്കാഴ്ച'യുടെ തുടക്കത്തിലേ കൽപിക്കാമായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ജനനത്തിനാണ് പ്രാധാന്യമെന്ന 'സവർണ' ഇബ്‌ലീസിന്റെ നിലപാട് ന്യായീകരിക്കപ്പെടുമായിരുന്നു. അത് അപ്രകാരമല്ലാത്തതിനാലാണ് തന്റെ പുതിയ സൃഷ്ടി (ഖുർആൻ 76:1) മറ്റു സൃഷ്ടികളിൽ നിന്നും വ്യത്യസ്തനാണെന്നും ഖലീഫ അറിവുള്ളവനാണെന്നും മറ്റുള്ളവരെ ബോധ്യപ്പെടുത്തിയതിനു ശേഷം മാത്രം (ഖുർആൻ 2:31-33) പ്രണമിക്കാൻ ആവശ്യപ്പെട്ടത്. അറിവിന്റെ മുമ്പിൽ മുട്ടുകുത്താൻ മടിച്ചവരെ അംഗീകരിക്കാതെ നിന്ദിതരാക്കിയത് അല്ലാഹുവിന്റെ നടപടിക്രമം മാത്രം. നല്ല കർമമാണ് പ്രധാനമെന്ന് അല്ലാഹു മനുഷ്യ അസ്തിത്വത്തിന്റെ ആദ്യനിമിഷങ്ങളിൽതന്നെ നമ്മെ ബോധ്യപ്പെടുത്തുന്നു. പിന്നീട് നിരവധി പ്രവാചക പരമ്പരകളിലൂടെ ഈ സത്യം നമ്മെ നിരന്തരം ഓർമിപ്പിക്കുന്നത്, നമ്മിൽ ഇപ്പോഴുള്ള 'സവർണ മനസ്സുകളെ' തിരിച്ചറിയാനും നിഷേധിക്കാനുമാണ്.

**ഡോ. മുഹമ്മദ് സഈദ് കൊടുങ്ങല്ലൂർ**
aikyam1@gmail.com

# ആ രണ്ട് വാർത്തകളിൽ തെളിയുന്നത്

**രണ്ട്** വാർത്തകളാണ് ഈ കുറിപ്പിന് ആധാരം. ഒന്ന്, ബ്രിട്ടീഷ് പ്രധാനമന്ത്രി ഗോർഡൺ ബ്രൗൺ ഐ.എം.എഫിന് വേണ്ടി സഹായമഭ്യർഥിച്ചുകൊണ്ട് ഗൾഫ് രാജ്യങ്ങൾ സന്ദർശിച്ചു. രണ്ട്, ഇന്ത്യൻ വിദേശകാര്യമന്ത്രി ഇറാൻ പ്രസിഡന്റ് അഹ്മദീ നിജാദിനെ സന്ദർശിച്ച് ആണവകരാറും പൈപ്പ്‌ലൈൻ പദ്ധതിയും ഞങ്ങൾക്ക് ഒരുപോലെ പ്രധാനപ്പെട്ടതാണ് എന്ന് അറിയിച്ചു.

പലിശയിൽ അധിഷ്ഠിതമായ ആഗോള സാമ്പത്തിക വ്യവസ്ഥ തകർന്ന് തരിപ്പണമാവുകയും പലിശമുക്തമായ സാമ്പത്തിക ആസൂത്രണങ്ങളിലൂടെ ഇറാനെ പോലുള്ള രാജ്യങ്ങളും ഇസ്‌ലാമിക് ബാങ്കിംഗ് സംവിധാനങ്ങളും പിടിച്ചു നിൽക്കുകയും ചെയ്തതിന്റെ പ്രതിഫലനങ്ങൾ ഈ രണ്ട് വാർത്തകളിലും നിഴലിക്കുന്നുണ്ട്. എണ്ണ സമ്പന്ന അറബ് രാജ്യങ്ങളെ കണ്ണുരുട്ടി കാണിച്ച് തട്ടിയെടുക്കുന്ന സമ്പത്ത് അവർക്കെതിരെ തന്നെ പ്രയോഗിച്ചുകൊണ്ടിരിക്കുകയായിരുന്നു അമേരിക്ക. ഇന്ന് ഇസ്രയേലെന്ന അവിഹിത സന്തതിക്ക് പണം കൊടുക്കാനില്ലാതായപ്പോൾ പുതിയ വഴികൾ തെരയുകയാണ്. ഗോർഡൺ ബ്രൗണിന്റെ യാചനക്കും വലിയ പ്രതികരണങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് വാർത്ത.

ആഗോള സാമ്പത്തിക മാന്ദ്യം ഏറ്റവും കൂടുതൽ ബാധിക്കുക അമേരിക്കയെയും അതിന്റെ ശിങ്കിടികളായ ബ്രിട്ടനെയും ഇസ്രയേലിനെയുമൊക്കെയാണ്. അമേരിക്കയിൽനിന്നുള്ള ഫണ്ടിനെ മാത്രം ആശ്രയിച്ച് പിടിച്ചുനിൽക്കുന്ന ഇസ്രയേൽ എന്ന ജാരസന്തതി ആ ഫണ്ടിംഗ് നിന്നുകഴിഞ്ഞാൽ അഹ്മദീ നിജാദ് പറഞ്ഞപോലെ ലോക ഭൂപടത്തിൽനിന്ന് മാഞ്ഞുപോകും. അത് സമയത്തിന്റെ മാത്രം പ്രശ്നമാണ്. അത് ഫലസ്ത്വീനികളുടെ കൈയാലാവുന്നത് കാവ്യനീതി.

**സുബൈർ എടയൂർ, അൽഐൻ**

# യാത്രാ വിവരണം പോലുമാകാത്ത തരംതാണ രചന

**ഡോ. ഖദീജാ** മുംതാസിന്റെ *ബർസ* രൂപഭദ്രതയുള്ള നോവലൊന്നുമല്ല. പരമ്പരാഗത മതദർശനങ്ങൾക്ക് രുചിക്കാത്ത സത്യങ്ങൾ ആവിഷ്കരിക്കുകയാണെന്ന വ്യാജേന മുസ്‌ലിമിന്റെ അടിസ്ഥാന വിശ്വാസപ്രമാണങ്ങളോട് കലഹിക്കുകയാണ് നോവൽ. അമിതമായ നിരൂപക പരിലാളന ലഭിച്ചതുകൊണ്ടാവാം നോവൽ നല്ലനിലയിൽ വിറ്റുപോകുന്നത്.

കടംവാങ്ങിയ ആശയങ്ങളും ഫെമിനിസത്തിന്റെ ജാടയും കുത്തിനിറച്ചാണ് നോവലിന്റെ പ്രയാണം. 'പുരുഷകേന്ദ്രീകൃത'മായ ഇസ്‌ലാമിനകത്തുനിന്ന് മുസ്‌ലിം സ്ത്രീയെ കർതൃസ്ഥാനത്ത് നിർത്തുകയാണെന്നാണ് നോവലിൽ അവകാശപ്പെടുന്നത്. ആ വാദം ശരിയല്ലെന്ന് നോവലിന്റെ ആദ്യവായനയിൽതന്നെ ബോധ്യപ്പെടും.

യു.എ ഖാദർ ഒരു ചെറു യാത്രാ കുറിപ്പിലൂടെ അനുഭവവേദ്യമാക്കിയ ഹജ്ജനുഭവങ്ങളും നോവലിലെ ഹജ്ജനുഭവങ്ങളും താരതമ്യം ചെയ്താലറിയാം നോവലിസ്റ്റിന്റെ ചായ്‌വ് എങ്ങോട്ടാണെന്ന്. നിരൂപകർ വാഴ്ത്തി സംഭവമാക്കിയ നോവലാണോ ഇതെന്ന് വായനാവസാനം ചിന്തിച്ചുപോയി. ബാബു ഭരദ്വാജിന്റെ 'പ്രവാസിക്കുറിപ്പ്' വായിച്ചവർക്ക് ഇതൊരു പ്രവാസിക്കുറിപ്പല്ല. ബി.എം സുഹറയുടെ 'ആകാശഭൂമികളുടെ താക്കോൽ' വായിച്ചവർക്ക് ഇതൊരു നോവലുമല്ല. ഒരു യാത്രാവിവരണം പോലുമാകാത്ത ഈ കൃതിക്ക് *പ്രബോധനം* ലക്കങ്ങൾ നീക്കിവെച്ചതിലെ യുക്തി പിടികിട്ടുന്നില്ല.

**അഷ്റഫ് മുഹമ്മദ് കവ്വായി**
**ഒമാൻ**